# 7th India – Indonesia Foreign Office Consultations

April 14, 2022

## ഏഴാമത് ഇന്ത്യ - ഇന്തോനേഷ്യ ഫോറിൻ ഓഫീസ് കൺസൾട്ടേഷൻസ്

**ഏപ്രിൽ 14, 2022**

ഇന്ത്യ-ഇന്തോനേഷ്യ ഫോറിൻ ഓഫീസ് കൺസൾട്ടേഷന്റെ (എഫ്ഒസി) ഏഴാം റൗണ്ട് 2022 ഏപ്രിൽ 14 ന് ഇന്തോനേഷ്യയിലെ ജക്കാർത്തയിൽ നടന്നു. ഇന്ത്യൻ വിദേശകാര്യ മന്ത്രാലയത്തിലെ സെക്രട്ടറി (കിഴക്ക്) ശ്രീ സൗരഭ് കുമാർ, ഇന്തോനേഷ്യൻ വിദേശകാര്യ മന്ത്രാലയത്തിലെ ഏഷ്യാ പസഫിക് ആൻഡ് ആഫ്രിക്ക ഡയറക്ടർ ജനറൽ ഡോ. അബ്ദുൾ കാദിർ ജെലാനി എന്നിവർ യോഗത്തിൽ നേതൃത്വം നൽകി. അവസാന വിർച്വൽ തല എഫ് ഒ സി  നടന്നത് 2021 ജൂൺ 25-നാണ്.

2.ഇന്തോ-പസഫിക്കിൽ മെച്ചപ്പെട്ട നാവിക സഹകരണത്തിന്റെ ആവശ്യകതയും ഇന്ത്യ-ഇന്തോനേഷ്യ സമഗ്ര നയതന്ത്ര പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനുള്ള തുടർച്ചയായ പ്രതിബദ്ധതയും രണ്ട് പ്രതിനിധികളും ഊന്നിപ്പറഞ്ഞു. രാഷ്ട്രീയ വിനിമയങ്ങൾ, പ്രതിരോധ-സുരക്ഷാ സഹകരണം, വ്യാപാര-സാമ്പത്തിക വിഷയങ്ങൾ, കോൺസുലർ പ്രശ്നങ്ങൾ എന്നിവ ഉൾപ്പെടെയുള്ള തങ്ങളുടെ മൊത്തത്തിലുള്ള ഉഭയകക്ഷി ബന്ധം അവർ അവലോകനം ചെയ്തു. ആൻഡമാൻ & നിക്കോബാർ ദ്വീപുകളും ആഷെ പ്രവിശ്യയും തമ്മിലുള്ള ബന്ധവും വ്യക്തിഗത ബന്ധങ്ങളും സാംസ്കാരിക സഹകരണവും മെച്ചപ്പെടുത്താനും  ഇരുപക്ഷവും സമ്മതിച്ചു.

സമീപകാലത്ത് നടന്ന പ്രാദേശികവും ആഗോളവുമായ സംഭവവികാസങ്ങൾ, G20, ആസിയാൻ ചട്ടക്കൂടിനുള്ളിലെ സഹകരണം, ഇന്തോ-പസഫിക് ഓഷ്യൻസ് ഇനിഷ്യേറ്റീവ് (ഐപിഒഐ), ആസിയാൻ ഔട്ട്‌ലുക്ക് ഓൺ ഇന്തോ-പസഫിക് (എഒഐപി) എന്നിവയെക്കുറിച്ചും അവർ കാഴ്ചപ്പാടുകൾ കൈമാറി. ഇന്റർനാഷണൽ സോളാർ അലയൻസ് (ഐഎസ്എ), കോയലിഷൻ ഫോർ ഡിസാസ്റ്റർ റെസിലന്റ് ഇൻഫ്രാസ്ട്രക്ചർ (സിഡിആർഐ) എന്നിവയിൽ ചേരാൻ സെക്രട്ടറി (ഈസ്റ്റ്) ഇന്തോനേഷ്യയെയും ക്ഷണിച്ചു.

3. ഊഷ്മളവും സൗഹാർദ്ദപരവുമായ അന്തരീക്ഷത്തിലാണ് ചർച്ചകൾ നടന്നത്. അടുത്ത റൗണ്ട് കൂടിയാലോചനകൾ പരസ്പരം സൗകര്യപ്രദമായ സമയത്ത് ഇന്ത്യയിൽ നടത്താൻ ധാരണയായി

**ന്യൂ ഡൽഹി**
**ഏപ്രിൽ 14, 2022**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.